തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ പ്രവർത്തനം നടത്തുകയുണ്ടായി. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ, സാരമായ ശുചിത്വ പ്രശ്നങ്ങൾ ഉള്ളതും ബി. പി. എൽ. കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്നതുമായ ഓരോ കോളനി വീതം തെരഞ്ഞെടുത്ത് പ്രസ്തുത കോളനികളുടെ മാലിന്യ പ്രശ്നങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന സമഗ്ര മാതൃകാ ശുചിത്വ പ്ലാൻ തയ്യാറാക്കുകയാണ് ഈ പരിപാടിയിൽ ചെയ്തത്.

3. മാലിന്യ മുക്തകേരളം പ്രചരണ പരിപാടി

പരിസര ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. മാലിന്യ മുക്തകേരളം അവാർഡ്

ശുചിത്വ മേഖലയിൽ മികച്ച നിലവാരം പുലർത്തുന്ന പഞ്ചായത്തുകളെ ആദരിക്കുന്നതിനായി മാലിന്യ മുക്ത കേരളം അവാർഡ് നൽകി വരുന്നു. അവാർഡിനായി, സംസ്ഥാനത്ത് മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന 60 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്, 50,000 രൂപ വീതം ധനസഹായം നൽകുന്നു. കൂടാതെ ജില്ലാതലത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന പൊതു സ്ഥാപനങ്ങൾക്കും അവാർഡ് നൽകി വരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ നവീകരണം

8(* 38) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ വർഷം തന്നെ നടപ്പിലാക്കാൻ കഴിയുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ഇന്നിയും സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണുള്ളത് എന്നറിയിക്കുമോ ;

(ഡി) ഈ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ വർഷം തന്നെ ഇത്തരത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ നൽകി.

2. സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും ഇ-മെയിൽ സംവിധാനം നടപ്പാക്കി.

3. കേരള പോലീസ് വിർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് നടപ്പാക്കി.

4. കേരളത്തിൽ ലോക്കൽ പോലീസിന്റെ സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ നൽകി.

5. എല്ലാ മുനിസിപ്പൽ പോലീസ് സ്റ്റേഷനുകളിലും വർദ്ധിച്ച വാഹന സൗകര്യം ഏർപ്പെടുത്തി.

6. സംസ്ഥാനത്തെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം ഏർപ്പെടുത്തി.

7. സംസ്ഥാനത്തെ 283 പോലീസ് സ്റ്റേഷനുകളിൽ റൈഫിളേന്തിയുള്ള പാറാവ് സമ്പ്രദായം മാറ്റി റിവോൾവർ/പിസ്റ്റൾ ഉപയോഗിച്ചുകൊണ്ടുള്ള സ്റ്റേഷൻ സെക്യൂരിറ്റി സമ്പ്രദായം നടപ്പാക്കി.

8. റിസപ്ഷൻ ഡെസ്ക് സമ്പ്രദായം എല്ലാ പോലീസ് സ്റ്റേഷനുകളിലും ഏർപ്പെടുത്തി.

9. തിരുവനന്തപുരം സിറ്റിയിൽ പ്രതി എസ്കോർട്ട് ഡ്യൂട്ടി ചെയ്യുന്ന പോലീസിന് റൈഫിളിനുപകരം പിസ്റ്റൾ നൽകിട്ടുണ്ട്.

10. ആദ്യഘട്ടമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 166 പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചു.

11. സംസ്ഥാനത്ത് മണർക്കാട് പോലീസ് സ്റ്റേഷനിൽ (കോട്ടയം ജില്ല) കേന്ദ്രീകൃത കസ്റ്റഡി സംവിധാനം നടപ്പാക്കി.

12. സംസ്ഥാനത്തെ 43 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 105 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

13. ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിച്ച 43 പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14. 150 പോലീസ് സ്റ്റേഷനുകളിൽ വനിതാഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രായോഗികമായി സാധ്യമല്ല.

(സി-ഇ) സംസ്ഥാനത്ത് 74 പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ഇവയിൽ 11 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടത്തിലാണ്. ഈ വർഷം 12 പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തമായിട്ടുള്ള കെട്ടിടം നിർമ്മിക്കുന്നതാണ്.

ഗ്രാമീണ റോഡ് വികസനം

9(*39) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്തെ ഗ്രാമീണ റോഡ് വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പി.എം.ജി.എസ്.വൈ. പ്രകാരം ആകെ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ആകെ എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത് ;

(സി) ഇതുവരെ ഇതിൽ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി കേന്ദ്ര ഗവൺമെന്റ് നൽകിയ ധനസഹായത്തിന്റെ എത്ര ശതമാനം തുക ചെലവഴിക്കാനായി ;

(ഇ) ഇപ്പോൾ ഈ പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്ടുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര സഹായം യഥാസമയം ചെലവഴിക്കുന്നതിന് സമയബന്ധിതമായ ഒരു നടപടിക്രമത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ജി) ഇതിനായി എത്ര കോടി രൂപ ധനസഹായമായി ലഭിക്കും?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1882.272 കി.മി. ദൈർഘ്യം വരുന്ന 742 റോഡുകൾക്ക് (780.94 കോടി രൂപയ്ക്കുള്ള പദ്ധതികൾ) കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly